**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഫയൽ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ വകുപ്പുകളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, കളക്ടറേറ്റുകൾ, സബ് കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, 140 സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 869 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും അപേക്ഷ ലഭിയ്ക്കുന്ന മുറക്ക് ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വരുന്നു. |
| (ബി) | എല്ലാ വകുപ്പുകളിലും ഏകീകൃത ഇ-ഫയൽ സംവിധാനമാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനമാണ് നിലവിൽ വകുപ്പുകളിൽ നടപ്പിലാക്കി വരുന്നത്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ചുമതല കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനാണ്. |
| (സി) | പ്രസ്തുത സംവിധാനത്തിൽ പൊതുജനങ്ങൾക്ക് അവരുമായി ബന്ധപ്പെട്ട ഫയൽ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണെന്നും ടിയാൾ എത്രസമയം ഫയൽ കൈവശം വച്ചിരുന്നുവെന്നും അറിയാനുള്ള സംവിധാനം ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | പൊതുജനങ്ങൾക്ക് ഫയൽനീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ / തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ, ഫയൽ നമ്പരോ, വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്നും, ഓരോ ഉദ്യോഗസ്ഥനും എത്ര സമയം ഫയൽ കൈവശം വച്ചിരുന്നുവെന്നും ഉള്ള വിവരങ്ങൾ അറിയാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ